"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -പാലക്കാട് വേസ്റ്റ് റ്റു എനർജി പ്ലാന്റ് - സംസ്ഥാന വി.ജി.എഫ്. വിഹിതം ശുചിത്വ കേരളം (അർബൻ) ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.56/2026/LSGD തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:- (1) കെ.എസ്.ഐ.ഡി.സി.യുടെ 13.11.2025-ലെ KSIDC/TVM/WtE/2025/2534 നമ്പർ കത്ത്.

(2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.11.2025-ലെ SM/974/2024-D1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് വേസ്റ്റ് റ്റു എനർജി പ്രോജക്ടിന്റെ കൺസെഷനയർ ആയ മെസേഴ്സ് ബ്ലൂ പ്ലാനറ്റ് പാലക്കാട് വേസ്റ്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന് (M/s Blue Planet Palakkad Waste Solutions Pvt. Ltd.), വി.ജി.എഫ് (VGF) വിഹിതം കൈമാറുന്നതിനായി 2,53,39,453 രൂപ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം കെ.എസ്.ഐ.ഡി.സി (KSIDC) അഭ്യർത്ഥിച്ചിട്ടുണ്ടെന്നും, പാലക്കാട് വേസ്റ്റ് റ്റു എനർജി പ്ലാന്റിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള വി.ജി.എഫ്. വിഹിതം ശുചിത്വ കേരളം ഫണ്ടിൽ നിന്നും കെ.എസ്.ഐ.ഡി.സി-ക്ക് (KSIDC) കൈമാറാൻ സർക്കാർ അനുമതി നൽകുകയാണെങ്കിൽ അത് സംസ്ഥാനത്തിന് സഹായകരമാകുമെന്നും പരാമർശം (2) പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദായി പരിശോധിച്ചു.പാലക്കാട് വേസ്റ്റ് റ്റു എനർജി പ്രോജക്ട് (WtE Project) എന്ന മാലിന്യ സംസ്കരണ പദ്ധതിയുടെ സംസ്ഥാന വി.ജി.എഫ്. (VGF) വിഹിതമായി 2,53,39,453/- രൂപ (രണ്ട് കോടി അൻപത്തിമൂന്ന് ലക്ഷത്തി

മുപ്പത്തൊൻപതിനായിരത്തി നാനൂറ്റിഅൻപത്തിമൂന്ന് രൂപ മാത്രം ) പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയ KSIDC യ്ക്ക് "ശുചിത്വ കേരളം (അർബൻ) 2217-80-800-71 " എന്ന ശീർഷകത്തിൽ നിന്നും ആദ്യ ഗഡുവായി അനുവദിച്ച ഏഴ് കോടി രൂപയിൽ നിന്നും നൽകുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.
പ്രോജക്ട് ഡയറക്ടർ, വേസ്റ്റ് റ്റു എനർജി പ്രോജക്ട്, കെ.എസ്.ഐ.ഡി.സി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (E: 3357056 : WCD-3/312/2025-Fin dated 06.01.2026)
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 07-01-2026 16:55:35
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.